(ഡി) നിയമനത്തിന് പ്രമസ്യം ചെയ്ത പ്രകാരം ഇവർക്ക് മുഴുവൻ ശമ്പളവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 360 ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ എസ്.സി./എസ്. റ്റി. ജീവനക്കാരുടെ അനുപാതം നിലനിർത്തുന്നതിലേക്ക് വേണ്ടിയായിരുന്നു നിയമനം

(സി) കെ. എസ്. ആർ. ടി. സി.-യിലെ പുതിയ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഒ. പി. നമ്പർ 37878/2001 എന്ന കേസിലെ സി. എം. പി. നമ്പർ 62078/2001 എന്ന ഇടക്കാല ഉത്തരവിന് വിധേയമായി എം-പാനൽ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത കേസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി നിയമനം സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

(ഡി) മേൽ വിവരിച്ച കേസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതായിരിക്കും.

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പിരിച്ചുവിട്ട് സ്ഥിരം നിയമനം നടത്താൻ നടപടി

55 [2707] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കെ ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ പെൻഷൻപ്രായം കഴിഞ്ഞിട്ടും ജോലിയിൽ തുടരുന്ന ധാരാളം ജീവനക്കാർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം 55 വയസ്സിനു ശേഷവും പ്രസ്തുത സ്ഥാപനത്തിൽ ജോലിയിൽ തുടരുന്ന പ്രിൻസിപ്പൽ, പ്രൊഫസർമാർ, വർക്ക്ഷോപ്പ് സൂപ്രണ്ടുമാർ, ട്രേഡ് ഇൻസ്ട്രക്ടർമാർ എന്നീ തസ്തികകളിലായി എത്ര ജീവനക്കാർ ഉണ്ടെന്ന് അവരുടെ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) 55 വയസ്സിനു ശേഷവും സർവ്വീസിൽ കരാർ അടിസ്ഥാനത്തിൽ തുടരുന്ന പ്രസ്തുത ജീവനക്കാരെ അടിയന്തിരമായി പിരിച്ചുവിട്ട്, എഴുത്ത് പരീക്ഷ നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്ഥിരനിയമനം നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. എ.ഐ.സി.റ്റി.ഇ.-യുടെ നിലവിലുള്ള നിയമം അനുസരിച്ച് പെൻഷൻപറ്റിയ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും പെൻഷൻ പറ്റിയവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) പ്രിൻസിപ്പൽ .. 1
(2) പ്രൊഫസർമാർ .. 5
(3) വർക്ക് ഷോപ്പ് സൂപ്രണ്ട് .. 1
(4) ട്രേഡ് ഇൻസ്ട്രക്ടർ .. 17

(സി) കോളേജിന്റെ ഭരണസമിതിയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ താമസംവിനാ നൽകുന്നതിന് നടപടി

56 [2708] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ അവകാശികൾക്ക് കിട്ടുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(സി) സർവ്വീസിലിരിക്കെ മരിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) അവ തീർപ്പുകൽപ്പിച്ച് അവകാശികൾക്കർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അവകാശതർക്കവും മതിയായ രേഖകളില്ലാത്തതുമായ കേസ്സുകളിൽ ഒഴികെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വളരെവേഗം നൽകിവരുന്നുണ്ട്. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിയമാനുസരണം എത്രയും വേഗം നൽകാൻ നടപടി എടുത്തിട്ടുണ്ട്.

(സി) 187 അപേക്ഷകൾ.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

57 [2709] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരന്തൂരിനും കുന്ദമംഗലത്തിനും ഇടയ്ക്ക് ഓവുങ്ങര കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly